

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.ഇ3-918/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 06/10/2025
ഇ-മെയിൽ:
dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-17 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ

ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസിൽ)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൽപ്പറ്റ വയനാട്.
3. ഓഫീസ് പകർപ്പ്.

നമ്പർ:
കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.ഇ3-918/2025

തീയ്യതി: 06/10/2025

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-07-2024 മുതൽ 14-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അഗസ്റ്റ്യൻ ഒ. കെ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	15-07-2025	25-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-07-2025	25-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു കെ. കെ., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത ടി. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഇന്ദു കെ. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അർജുൻ കെ. മാത്യു, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജസ്റ്റിൻ ബേബി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ രാജേഷ്.കെ.കെ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അനീഷ് ജോസഫ്	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ഡോ ഉമേഷ് പി കെ	മെഡിക്കൽ ഓഫീസർ പൊരുന്നന്നൂർ C H C	01-04-2024	07-11-2024
ഡോ അനിൽ കുമാർ	മെഡിക്കൽ ഓഫീസർ പൊരുന്നന്നൂർ C H C	08-11-2024	31-03-2025
ഡോ ആൻസി മേരി ജേക്കബ്ബ്	മെഡിക്കൽ ഓഫീസർ നല്ലൂർനാട് C H C	01-04-2024	23-08-2024
ഡോ ഹരിപ്രസാദ് ടി	മെഡിക്കൽ ഓഫീസർ നല്ലൂർനാട് C H C	24-08-2024	31-03-2025
ഡോ ഷീജ വി ആർ	മെഡിക്കൽ ഓഫീസർ പേര്യ CHC	01-04-2024	31-03-2025

ശ്രീമതി ബീന സി	ശിശുവികസന ഓഫീസർ	01-04-2024	08-07-2024
ശ്രീമതി സന്ധ്യ ആർ	ശിശുവികസന ഓഫീസർ	09-07-2024	19-07-2024
ശ്രീമതി സന്ധ്യ ആർ	ശിശുവികസന ഓഫീസർ	20-07-2024	31-03-2025
ഡോ സുനിൽ കെ എസ്	സീനിയർ വെറ്ററിനറി സർജൻ	01-04-2024	20-08-2024
ഡോ ഫഹ്മിദ വി	സീനിയർ വെറ്ററിനറി സർജൻ	21-08-2024	02-10-2024
ഡോ രവികുമാർ	സീനിയർ വെറ്ററിനറി സർജൻ	03-10-2024	31-03-2025
ശ്രീമതി രസിത	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	22-10-2024
ശ്രീ കുഞ്ഞമ്മദ് കെ പി	അസിസ്റ്റന്റ് എഞ്ചിനീയർ	23-10-2024	31-03-2025
ശ്രീമതി അർച്ചന ആനന്ദ്	ഇൻഡസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ വിനോദ് പി ജെ	കൃഷി (അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	31-03-2025
ശ്രീമതി ശ്രീലേഖ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ശ്രീ ദ്വരൈസ്വാമി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.	1-1-3
5	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മന്റും റീകൺസിലിയേഷൻ പത്രികയും ലഭ്യമാക്കിയിട്ടില്ല.	1-1-4
6	രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-5
7	പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-6
8	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-7
9	വാടക ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല	1-1-8
10	ഇ-ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കുകയോ വാർഷികകണക്കിൽ ഉൾപ്പടുത്തുകയോ ചെയ്തിട്ടില്ല.	1-1-9
11	വാർഷിക കണക്കിലെ മറ്റ് അപാകതകൾ	1-1-10
12	ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ വരവ് ചെലവുകളും വലിയ രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.	1-2-1
13	ബഡ്ജറ്റ്	1-2
14	സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)	1-3

15	ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	1-4
16	പദ്ധതി അവലോകനം	1-5
17	ക്യാഷ് വെരിഫിക്കേഷൻ	1-6
18	ആഭ്യന്തരനിയന്ത്രണം	1-7
19	പദ്ധതിരൂപീകരണം -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.	1-8
20	മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല	1-9
21	ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല	1-10
22	ABC പ്രോജക്ട്-ലക്ഷ്യം കൈവരിച്ചില്ല.	1-11
23	സാമൂഹ്യനീതിവകുപ്പുമായി കൂടിയാലോചിക്കാതെ കെട്ടിടനിർമ്മാണം നടത്തി	1-12-1
24	ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് വൊക്കേഷണൽ ട്രയിനിംഗ് തെറാപ്പി സെന്റർ-നിർമ്മാണം പൂർത്തീകരിച്ചില്ല.	1-12
25	മാനവൽ രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-13
26	ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-14
27	ഇ-ടെണ്ടർ തുക ലഭിച്ചിട്ടില്ല	1-15
28	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-16
29	വനിത പരിശീലന കേന്ദ്രം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു. വനിത പരിശീലന പരിപാടി ആരംഭിച്ചിട്ടില്ല.	1-17
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		

ഭാഗം 4		
1	മെഡിസെപ്	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് സർചാർജ് നടപടികളുടെ വിവരം	4 -10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statement	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒഎം.എസ്.നം.83/11/എൽ.എസ്.ജി.ഡി/28.03 ചട്ടം 62-2(ഇ) പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ, കണ്ടിജന്റ് ബാധ്യത ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടിൻമേ കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധന പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്ര വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുക ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയ

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവി മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 09.06.2025 ലെ 3(1) നമ്പർ ഭരണസ തീരുമാന പ്രകാരം തയ്യാറാക്കി 27.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക സമർപ്പിക്കപ്പെട്ടിട്ടുള്ള മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്ത റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 ത് വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട് അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റ് ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്ര പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണക നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം

നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പ
പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്
ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റു
വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡ
ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന്
വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു
അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച എ
മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർ
എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരി
കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്
2024 - 2025 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പ
ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സിനീയർ ഡെപ്യൂട്ടി ഡയ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയ

കൽപ്പറ്റ
06.10.2025

1-1-2 പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയി
തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ	10245029
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം	13132209

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരി തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുത്താത്തതിന് കാ വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (13/23.07.2025) മറുപടി ലഭ്യമാക്കിയ അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-4 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മന്റും റീകൺസിലിയേഷൻ പത്രികയും ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്ക്/ട്രഷറിയുടെ പേര്	അക്കൗണ്ട് നം.	നീക്കി ബാക്കി (₹)(B-17 പ്രകാരം)
1	സിൻഡിക്കേറ്റ് ബാങ്ക്	42162200104008 (BRGF)	590
2	നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്	IAY Plan 13312	53
3	WDCB EMS (2734) -	1000009	3072

(ബി) ഹാജരാക്കിയ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മന്റും റീകൺസിലിയേഷൻ പ പ്രകാരമുള്ള നിക്കീയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ബാങ്ക്/ ട്രഷറിയുടെ പേര്	അക്കൗണ്ട് നം.	ബാങ്ക് ബുക്ക്/ വാർഷിക കണക്ക്/ ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള നിക്കീയിരിപ്പ്	റീകൺസിലിയേഷൻ പത്രികയിലെ ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള നിക്കീയിരിപ്പ്
1	PNB – PMAY	2879000100058695	490487	0
2	Canara Health Grant	110027759498	3948374	0
3	NMGB MLA – MP -HADA 39032 (11058) BDO 4979	40476100004979	492425	545417
4	KGB Thalapuzha A/C 22823 Misc.Account	40478101022823	1093445	0
5	Syndicate (Canara) Bank - Misc 86071	42162200086071	3493304 (Bank Statement പ്രകാരം: 3453084)	8097017.8
6	Canara CFC -19280	0248101019280	29427252	0
7	Thondernadu Pack KGB -2069	40476101002069	31300462	0
8	KGB Thavinhal – Corpus Fund -12075	40478101012075	2347666	0
9	NMGB (50812) TSC -SGSY -IAY	40476100016005	1393524.94	368525

	State 16005			

1-1-5 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

ഉദാ - സ്റ്റോക്ക് രജിസ്റ്റർ,
തൻവർഷം കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ടെങ്കിലും ജനറൽ സ്റ്റോക്ക് രജിസ്റ്റർ എന്ന ഒറ്റ സ്റ്റോക്ക് രജിസ്റ്ററിൽ ആണ് വിവരങ്ങൾ ചേർത്തിട്ടുള്ളത്.രശീതുബുക്കുകൾ നിർവഹണഉദ്യോഗസ്ഥർക്ക് നൽകിയതിന്റെ വിവരങ്ങളും ഇതേ രജിസ്റ്ററിൽ ആണ് ചേർത്തിട്ടുള്ളത്.

1-1-6 പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരി ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്ര അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ഉദാ: ധനകാര്യകമ്മീഷൻ ഗ്ര ഔട്ട്സ്റ്റാന്റിംഗ് ബാധ്യത ₹2,86,55,399/- ആണ്. എന്നാൽ ഇതിനായുള്ള ബാങ്ക് അക്കൗണ്ടായ Canara – CFC അക്കൗണ്ടിൽ ₹2,94,27,252 ആണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല. കാരണം വ്യക്തമാക്കേണ്ടതാണ

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കുകയോ, ഹാജരാക്കിയ രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം രേഖപ്പെടുത്തുക ചെയ്തിട്ടില്ല. കൂടാതെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കാൽക്കുലേഷൻ ഷ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷികണക്കിൽ ഉൾപ്പെടുത്തിയ, ആസ്തി, ഡിപ്രിസേഷൻ എ തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ അപാകത ചൂണ്ടി കാണിച്ച് നൽകിയ ഒ എൻകപയറിക്ക് (13/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം ഉൾപ്പെട കാലികമാക്കേണ്ടതാണ്.

1-1-8 വാടക ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്റർ പ്രകാരവും, എ.എഫ്.എസ് പ്രകാരവുമുള്ള വാടകയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്

വാടക രജിസ്റ്റർ പ്രകാരം	12,54,268/-	11,13,348/-	1,40,920/-
എ.എഫ്.എസ് പ്രകാരം	14,98,224/-	10,20,126	4,78,098/-

മേൽ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

1-1-9 ഇ-ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കുകയോ വാർഷികകണക്കിൽ ഉൾപ്പടുത്തുകയോ ചെയ്തിട്ടില്ല.

തൻവർഷവും മുൻവർഷങ്ങളിലും വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ ഇ-ടെണ്ടർ ഫോറങ്ങ വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ല. ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഒ വരുത്തതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. (രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയ് വാർഷികധനകാര്യപത്രിക തയ്യാറാക്കിയിരിക്കുന്നത് ഈ തുകകൾ ഉൾപ്പെടുത്താതെയാണ്. വാർ കണക്കുകൾ സംബന്ധിച്ച കുറിപ്പുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഇക്കാര്യത്തിൽ പഞ്ചാ എന്തെങ്കിലും നടപടികൾ എടുത്തുണ്ടോ എന്നും വ്യക്തമല്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്

1-1-10 വാർഷിക കണക്കിലെ മറ്റ് അപാകതകൾ

എ.ബെനിഫിഷറി കോൺട്രിബ്യൂഷൻ , ജില്ലാപഞ്ചായത്ത് വിഹിതം (റവന്യൂ) എന്നീ ഹെഡിൽ തുക ബ നിൽക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷറി കോൺട്രിബ്യൂഷൻ ഹെഡിൽ (320800101) ₹ 11750 ജില്ലാപഞ്ചായത്ത് വിഹിതം (റവന്യൂ) (320700405) ₹ 464755 രൂപയും ബാക്കി നിൽക്കുന്നു. മേൽ തുക വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി.തൻവർഷം അഡ്വാൻസ് ,ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുൻവർഷങ്ങ സൂക്ഷിക്കാത്തതിനാൽ കാലാവധി കഴിഞ്ഞ അഡ്വാൻസ് ,ഡെപ്പോസിറ്റ് എന്നിവയുടെ കൃ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
സി.ജില്ലാപഞ്ചായത്ത് വിഹിതം വാർഷിക കണക്കിലെ ചെലവ് തുകയും (₹ 3673000) ചെലവ് പത്രിക (₹4359000) പൊരുത്തപ്പെടുന്നില്ല. പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്. മേൽ അപാകത

ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (13/23.07.2025) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-2-1 ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ വരവ് ചെലവുകളും വലിയ രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷികകണക്കുകൾ പ്രകാരമുള്ള വരവ് ചെലവുകളും ത പൊരുത്തപ്പെടുന്നില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തി ലുള്ളത്	വ്യത്യാസം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	19,40,989	60858445.00	58917456	
വരവ്	97,16,38000	14,35,68197		828069803
ആകെ	97,35,78,989	204426642.0		769152347
ചെലവ്	971435000	130435988		840999012
നീക്കിയിരിപ്പ്	2143989	73990654.0	71846665	

യഥാർത്ഥ വരവ് ചെലവുകളുമായി ബന്ധമില്ലാത്ത രീതിയിൽ ബജറ്റ് തയ്യാറാക്കുന്നത് ബജറ്റിംഗ് പ്രക്രിയയെതന്നെ അർത്ഥരഹിതമാക്കുന്നുണ്ട്. തുടർവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ കുറച്ച ശ്രദ്ധപുലർത്തേണ്ടതാണ്.

1-2 ബഡ്ജറ്റ്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 14/03/24 തീയതിയിലെ 01/14/03/24 (തീരുമാന പ്രകാരം അംഗീകരിച്ചു.പരിഷ്കരിച്ച ബജറ്റ് 13/03/25 ലെ ഒന്നാം നമ്പർ തീരുമാനപ്ര അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം
മുൻബാക്കി	19,40,989
വരവ്	97,16,38000

ആകെ	97,35,78,989
ചെലവ്	971435000
നീക്കിയിരിപ്പ്	2143989

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	60858445
വരവ്	143568197
ആകെ	204426642
ചെലവ്	130435988
നീക്കിയിരിപ്പ്	73990654

1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക/ നീക്കിയിപ്പ്
വികസന ഫണ്ട് -ജനറൽ	0	48245000	48245000	46846433	1398567
വികസന ഫണ്ട്- എസ്.സി.പി	0	4187000	4187000	3677848	509152
വികസന ഫണ്ട്- ടി.എസ്.പി	0	34106000	34106000	28541845	5564155
മെയിന്റനൻസ് നോൺറോഡ്	0	12229000	12229000	9594318	2634682
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) - ട്രഷറി	0	486329	486329	374416	111913
ധനകാര്യ കമ്മീഷൻ	9445204	17950000	27395204	7169270	20225934

ഗ്രാന്റ് (Tied) - ബാങ്ക്					
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) -ബാങ്ക്	10631512	8914881	19546393	11116928	8429465

എ.സി.ആർ /വാർഷിക കണക്ക് പ്രകാരമുള്ള തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /ചെലവ് പത്രികയു പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ കൊടുക്കുന്നു.

ഫണ്ടിനം	വാർഷിക കണക്ക് / ACR	ചെലവ് പത്രിക / ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	വ്യത്യാസം
വികസന ഫണ്ട് -ജനറൽ	47146433	46846433	300000
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	7169270	5567351	1601919
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	(11116928+374416) 11491344	7294619	4196725

പൊരുത്തപ്പെടാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം

151	403985547	108202795	28	123	81.45

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	40	32	203886590	40598296	19.91
അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	2	1	104050000	4049239	3.89
അസിസ്റ്റന്റ് എഞ്ചീനീയർ	87	69	65033226	38980164	59.93
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	12	12	15822778	10366258	65.51
ശിശുവികസന പദ്ധതി ഓഫീസർ	4	4	4009676	3376120	84.19
അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)	1	1	2250000	2250000	100
വെറ്ററിനറി സർജൻ	3	2	7114877	7114759	99.99
പട്ടികജാതി വികസന ഓഫീസർ	2	2	1818400	1467959	80.72
ആകെ	151	123	403985547	108202795	26.78%

1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 15/07/2025 ന് ഉച്ചയ്ക്ക് 12.15 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

1-7 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷ
ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധ
– ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവി
ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളു
കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമ
രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി
വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.
പഞ്ചായത്തിൽ രേഖകൾ സൂക്ഷിക്കുന്നതിലും റിക്കാർഡ് റൂം തയ്യാറാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷത്തിൽ സമർപ്പിച്ച വാർഷിക ധനകാര്യ പ
പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ എ
ശരിയായ രീതിയിൽ സൂക്ഷിച്ചു വരുന്നുണ്ട്.കമ്പ്യൂട്ടറുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച
രശീതികളുടെ സ്റ്റോക്ക് രജിസ്റ്ററും യഥാവിധി സൂക്ഷിച്ചിട്ടില്ല.

എല്ലാമാസവും സ്റ്റാഫ് മീറ്റിംഗ് ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.ജീവനക്കാരുടെചുമത
യഥാസമയം ചുമതലപ്പെടുത്തി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേരുകയും മിനുട്ട് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.സാധന
സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ഇ
തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടു
രീതിയാണുള്ളത്.പദ്ധതി നിർവഹണം സംബന്ധിച്ച മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റി
ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഫയലുക
ഉൾപ്പെടുത്തേണ്ടതാണ്.കെ സ്മാർട്ട് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫെസിലി
സെന്റർ നാളിതുവരെ ആരംഭിച്ചിട്ടില്ല.

തനത് വരുമാനവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായി
വാടകയിലും വാടക ഡെപ്പോസിറ്റിലും കാലികമായ വർദ്ധനവ് വരുത്തി തനത് വരു
മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വാടകയിനത്തിൽ കുടിശ്ശിക വരുത്
അതത് സാമ്പത്തികവർഷം തന്നെ മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജ
സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്ന സർക്കാർ നിർ

പാലിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്ത വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പലതിലും മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കൃത ഇടവേളകളിൽ പ്രോജക്ടുകളുടെ ചുമതലയുള്ളവർ വിലയിരുത്തൽ നടത്തേണ്ടതാണ്. വാർഷിക പ പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകന വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതല മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. ആയത് പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലും അതൊന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ച് അവ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തു ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്ത ശ്രദ്ധിക്കേണ്ടതാണ്.

1-8 പദ്ധതിരൂപീകരണം -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ച വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് കൃത്യമായി എഴുതി ക്ലോസ് ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശ രേഖപ്പെടുത്തി എന്നല്ലാതെ പദ്ധതികൾ സംബന്ധിച്ച ചർച്ചകൾ നടന്നതായി കാണുന്നില്ല.സ.ഉ. (കൈ 84/2022/തസ്വഭവ തിയ്യതി 19.4.2022 ലെ മാർഗ്ഗരേഖ ഖ. 3.4.3.(2) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച കാണുന്നില്ല. ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്ന നിർദ്ദേശങ്ങൾ, ഗ്രാമസഭക സമാനമായി ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിക്കുന്ന യോഗത്തിലെ ശുപാർശകൾ, ബ്ലോക്ക് പഞ്ചാ വികസന സെമിനാറിൽ അവതരിപ്പിച്ച് രൂപം നൽകുന്ന നിർദ്ദേശങ്ങൾ, ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ എന്നിവ പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പ തയ്യാറാക്കേണ്ടത്.

മേൽ പദ്ധതി രേഖയിലെ ഖണ്ഡിക 3.2.4(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധിക ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളി

ജനപ്രതിനിധികളെയും ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാധ്യക്ഷൻമാരെയും ഗ
പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത്
ഗ്രാമസഭ യോഗം ചേരേണ്ടതും വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്ന പദ്ധതികൾക്ക് അന്തിമ
നൽകേണ്ടതുമാണ്.എന്നാൽ ചില യോഗങ്ങൾ നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയെങ്കിലും ആരെ
പങ്കെടുത്തുവെന്നോ ഏത് വർഷത്തേക്കുള്ള പദ്ധതിനിർദ്ദേശങ്ങൾ ആണ് ചർച്ച ചെയ്തതെ
രേഖപ്പെടുത്തിയിട്ടില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകിയെന്നല്ലാതെ മിനുട്സുകൾ ക്ലോസ് ചെയ്ത
അതേ പോലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വന്ന നിർദ്ദേശങ്ങളോ സംയുക്ത പ്രോജക്
രൂപീകരിക്കേണ്ടതിന്റെ ആവശ്യകതകളോ ഒന്നും തന്നെ മിനുട്ട്സായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടി

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൃത്യമായി നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.21/12/23 ലെ വർക
ഗ്രൂപ്പ് യോഗത്തിലാണ് 2024-25 ലെ പദ്ധതികൾ ആസൂത്രണം ചെയ്തതായി രേഖപ്പെടുത്തിയത്.അതിനുമ
ഓരോ വർഷങ്ങളിലും ഓരോ യോഗങ്ങൾ വീതം ചേർന്നെങ്കിലും പദ്ധതികൾ മോണിട്ടറിംഗ് നടത്തിയ
കാണുന്നില്ല.സ്റ്റാറ്റസ് റിപ്പോർട്ടിലും സ്ഥാപനത്തിന്റെ അവസ്ഥകൾ വിശകലനം ചെയ്തതായി കാണുന്നില

10/01/24 ന് 2024-25 വർഷത്തെ വികസന സെമിനാർ നടന്നതായി മിനുട്സിൽ നടപടിക്രമങ്ങൾ രേഖപ്പെടുത്
ഒപ്പുകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലോ ,സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലോ പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്

ഓഡിറ്റ് എൻകുയറി നമ്പർ:14/24-25/23/07/25 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മ
നൽകിയിട്ടില്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ജീവനക്കാരുടെയും ജനപ്രതിനിധികളു
നിർവഹണോദ്യാഗസ്ഥരുടെയും, പേര്, കാലയളവ്, സ്ഥിരം മേൽവിലാസം, എന്നിവ രേഖപ്പെടുത്തിയ മ
ഇൻകുംബൻസി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രജിസ്റ്റർ എഴുതി ഓഡിറ്റിന് ഹാജരാക്കാൻ നടപട
സ്വീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം.17/25/07/25 ക്ക് മറുപടി നൽകിയിട്ടില്ല. രജ
എഴുതി പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-10 ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല

സ.ഉ.(കൈ)84/22/ത.സ്വ.ഭ.വ.19.04.22 ഖണ്ഡിക 6.8 പ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതായിരുന്നു. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമ കാലികവും ആക്കേണ്ടതും എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടു ഉറപ്പുവരുത്തേണ്ടതുമായിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 2020 വരെയുള്ള ആസ്തി മാത്രമാണ് ആയതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് കണ്ടു. നിലവിൽ ബഡ്സ് റീഹാബിലിറ്റേഷൻ സ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന് വിട്ടുകിട്ടിയ സ്ഥലം പോലും ആസ്തി രജിസ്റ്ററിൽ ചേർത്ത ആസ്തി സംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാതെയും ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് മെയിന്റനൻസ് വകയിരുത്തി പദ്ധതികൾ നടപ്പാക്കിയതായി കാണുന്നത് .

വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറി 16/25.7.25 ന് മറുപടി നൽകിയിട്ടില്ല. ആസ്തിരജ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 ABC പ്രോജക്ട്-ലക്ഷ്യം കൈവരിച്ചില്ല.

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് ABC പ്രോജക്ട് നടപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് ₹ 320156 ക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ട്	അടങ്കൽ	ചെലവഴിച്ച തുക	ഫണ്ട്	ബിൽ നതീയതി
1	193/24	ABC പ്രോജക്ട്	350000	320156	വികസനഫണ്ട് ജനറൽ	165/24-25/02.12.2

നിർവഹണം-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി.

തുക കൈമാറിയയെങ്കിലും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. നൽകിയ തുക യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുമില്ല.പദ്ധതിയുടെ നിലവിലെ അവസ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുന്നതിന് ഓഡിറ്റ് എൻകുയറി നമ്പർ 12/21/07/25 പ്ര ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ 320156 രൂപയുടെ ചെലവ് ഓഡ തടസ്സപ്പെടുത്തുന്നു.

1-12-1 സാമൂഹ്യനീതിവകുപ്പുമായി കൂടിയാലോചിക്കാതെ കെട്ടിടനിർമ്മാണം നടത്തി

ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണത്തിനുള്ള പ്രോജക്ട് മാത്ര അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിച്ചതായി കാണുന്നത്.സ.ഉ.(എം.എസ്)നം.115/2022/LSGD/2 ഖണ്ഡിക 7.1.11 പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് വൊക്കേഷണൽ ട്രെയിനിംഗ് തെറാപ്പി സെ പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.ബുക്ക് ബൈൻഡിംഗ്, ടോയ് മെയ്ക്കിംഗ്, &ക്രാഫ്റ്റ് ,കുട നിർമ്മാണം എന്നീ പരിശീലനങ്ങളും ഇവിടെ നൽകാവുന്നതാണ്.ഇതിലേക്കാവശ്യ സേവനങ്ങൾക്കായി രക്ഷിതാക്കളുടെ സംഘടനയുടെ സേവനങ്ങളും സന്നദ്ധസംഘടനക പങ്കാളിത്തവും ഉറപ്പാക്കേണ്ടതുണ്ട്.

സാമൂഹ്യനീതിവർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ 13/01/22 ലെ യോഗത്തിൽ "ബഡ്സ് റീഹാബിലി ആൻഡ് വൊക്കേഷണൽ ട്രയിനിംഗ് തെറാപ്പി സെന്ററർ " നടപ്പാക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ക്ലോസ് ചെയ്തിട്ടില്ല.തുടർവർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ഈ പ്രോജക്ട് സംബന്ധിച്ച് ചെയ്തിട്ടുമില്ല. സ.ഉ.84/2022/LSGD/19/04/22 പ്രകാരം ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കേ ഭിന്നശേഷിയുള്ളവരുടെ സവിശേഷതകൾ പരിഗണിച്ച് അവർക്ക് സൗഹൃദപരമായ രീതിയിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ പരിഗണിച്ചാണോ കെട്ടിടം രൂപകൽപ്പന ചെയ്തത് എന്നത് വ്യക്തമല്ല. ഈ കെ ഏതൊക്കെ പ്രദേശത്തുള്ള ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാകുമെന്ന് സാമൂഹ്യനീതിവകുപ്പിൽ വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. കെട്ടിടത്തിൽ ആരംഭിക്കാനുദ്ദേശി പ്രവർത്തനങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടും ആയതിന് സ്വീകരിച്ച നടപട സംബന്ധിച്ച അധികവിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻകയറി നമ്പർ 10/2 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ഒരു കെട്ടിടം വേണമെന്നും അ എന്തൊക്കെ പ്രവർത്തനങ്ങൾ വേണമെന്നും ഏത് രീതിയിൽ കെട്ടിടം രൂപകൽപ്പന ചെയ്യണ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിക്കാതെ പദ്ധതി ആസൂത്രണം ചെയ്തത് ശരിയായ നടപടിയല്ല പ്രോജക്ടിന് അനുയോജ്യമായ സ്ഥലത്താണോ കെട്ടിടം എന്ന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് സാക്ഷ്യ ലഭ്യമാക്കിയിട്ടുമില്ല.

കൂടാതെ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തോട് ചേർന്ന് ഒരു തോട് ഒഴുകുന്നതായും കെട്ടിടത്തിന്റെ ന ഭാഗത്തോട് ചേർന്ന് തോട്ടിൽ ബ്ലോക്ക് പഞ്ചായത്ത് തന്നെ നിർമ്മിക്കുന്ന മൂളിത്തോട് ചെക്ക്ഡാം എന്ന പ പുരോഗമിക്കുന്നതായും കണ്ടു.നിലവിൽ ചെക്ക് ഡാമിൽ നിന്നുള്ള വെള്ളം കെട്ടിടത്തിന്റെ തൂണുക

തട്ടി ആണ് ഒഴുകുന്നത്. ഇത്തരമൊരു കെട്ടിടവും അതിനോട് ചേർന്ന് ചെക്ക്ഡാമും നിർമ്മിക്ക സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായും കാണുന്നില്ല.



കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും കെട്ടിടത്തിൽ ആരംഭിക്കാനുദ്ദേശി പ്രവർത്തനങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കുന ഓഡിറ്റ്എൻകയറി നമ്പർ/10/21.07.25 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല.

കെട്ടിടം പൂർത്തീകരിക്കുന്നതോടൊപ്പം അതിന്റെ ഗുണഭോക്താക്കളുടെ സുരക്ഷക്കുള്ള നടപടി സ്വീകരിക്കേണ്ടതും കെട്ടിടം ഉപയോഗക്ഷമമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

1-12 ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് വൊക്കേഷണൽ ട്രയിനിംഗ് തെറാപ്പി സെന്റർ-നിർമ്മാണം പൂർത്തീകരിച്ചില്ല.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് " ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് വൊക്കേഷണൽ ട്രയിനിംഗ് തെ സെന്റർ " കെട്ടിടനിർമ്മാണത്തിനായി 2022-23 വർഷം ആരംഭിച്ച പദ്ധതിക്ക് ഈ വർഷവും ചെലവഴിച്ചിട്ടുണ്ട്.ബഹുവർഷപദ്ധതി ആയിട്ടാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.പദ്ധതി വിശദവിവരങ്ങൾ ഇപ്രകാരമാണ്.

പ്രോജക്ട് നമ്പർ-67/23

അടങ്കൽ-₹95,00,000/-(വികസനഫണ്ട് ജനറൽ)

നിർവഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ -ആർ.ഡി.ബിൽഡേർസ്

കരാർ തുക- ₹66,64,900.05

2022-23-₹3800000

2023-24-₹38,00,000

2024-25-₹19,00,000

2022-23 ൽ ഇപ്രകാരം വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും പിന്നീട് ചെലവ് അടിസ്ഥാനത്തിൽ 2024-25 ൽ വികസന ഫണ്ട് പൊതുവിഭാഗം 40,50,000 ആണ് പദ്ധതിക വകയിരുത്തിയത്. 2024-25 ലെ പ്രോജക്ട് നമ്പർ 178/25
അടങ്കൽ – ₹40,50,000

എഗ്രിമെന്റ് നമ്പർ-54/2022-23/31.03.2023.

നാളിതുവരെ പദ്ധതിക്കുവേണ്ടി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

ക്രമനമ്പർ	വൗച്ചർ നമ്പർ /തീയതി	കൈപ്പറ്റിയ തുക	റിമാർക്സ്

1	02/22-23/27.03.23	147406	Soil Testing Charge
2.	01/23-24/23/12/24 (TRN-241804000000014079)	2482053	Ist Part Bill
3	02/23-24/24/12/24 (TRN-241804000000014080)	1567186	2nd Part Bill
4	01/25-26/ 08/07/25	2035505	3rd Part Bill (ട്രഷറിയിൽ പെൻഡിംഗ്)
	ആകെ	₹6232150	

